**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: സി1/25769/12

തൈക്കാട്, തിരുവനന്തപുരം-14
തീയതി : 26/09/12.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ്
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - തിരുവനന്തപുരം ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐകളിലെ പരിശീലനാർത്ഥികളുടെ പ്രവേശനം - എസ്.സി/എസ്.റ്റി - വിഭാഗത്തിലുള്ള പരിശീലനാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ ഒഴിവുകളിൽ ജനറൽ വിഭാഗത്തിലെ പരിശീലനാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് - പ്രവേശനം പൂർത്തീകരിക്കുന്നത് - ക്രമീകരണങ്ങൾ സജ്ജമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 23.12.10-ലെ സ.ഉ(സാധാ) നമ്പർ 2071/2010/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
2. ഈ ഓഫീസിലെ ഇതേ നമ്പരായ 16.8.12, 22.8.12 എന്നീ തീയതികളിലെ കത്തുകൾ.
3. 12.09.2012-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി1/8739/2012(1) നമ്പർ കത്ത്.

*******

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചന (3) -ലെ കത്തു പ്രകാരം എൻ.സി.വി.റ്റി, സി.ഒ.ഇ ട്രേഡുകളിലേയ്ക്ക് 2012 ആഗസ്റ്റിലെ പ്രവേശനത്തിനുള്ള അഡ്മിഷൻ തീയതി 30.9.2012-വരെ ദീർഘിപ്പിച്ചിരുന്ന വിവരം അറിയിച്ചിരുന്നു. സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/ പ്രൈവറ്റ് ഐ.ടി.ഐകളിലെ ട്രേഡുകളിലും യൂണിറ്റുകളിലും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിലുള്ള പരിശീലനാർത്ഥികൾക്ക് സംവരണം

ചെയ്തിട്ടുള്ള സീറ്റുകളിൽ ഇനിയും ഒഴിവ് ഉണ്ടെങ്കിൽ ടി ഒഴിവുകളിൽ, ജനറൽ വിഭാഗത്തിലെ പരിശീലനാർത്ഥികളുടെ പ്രവേശനവും, ഒന്നാം സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, 30.9.12-ന് പൂർത്തീകരിക്കേണ്ടതുണ്ട്. 30.9.12 പൊതു അവധി ദിവസവുമാണ്.

ഈ സാഹചര്യങ്ങളിൽ സംസ്ഥാനത്തെ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിലും യൂണിറ്റുകളിലും സാധാരണ ഗതിയിലുള്ള പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള പരിശീലനാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ ഒഴിവുകളിൽ, ജനറൽ വിഭാഗത്തിലെ പരിശീലനാർത്ഥികളെ പരിഗണിച്ച് പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും പ്രവേശനത്തിന്റെ അവസാന ദിവസമായ 30.9.12-ന് എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐകളിലും പ്രത്യേകമായി ഏർപ്പെടുത്തേണ്ടതാണ്. 30.9.12-നു ശേഷം പരിശീലനാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ പാടില്ല.

വിശ്വാസപൂർവ്വം,

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:-

1. **എല്ലാ നോഡൽ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.** (കത്തിന്റെ പകർപ്പ് താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും അയച്ചു കൊടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി അയച്ചു തരേണ്ടതുമാണ്. രണ്ടാം സൂചന മുഖേനയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം താൽക്കാലിക അനുവാദം 30.9.12-നു തന്നെ അർഹരായ അപേക്ഷകർക്ക് നൽകുന്നതിനുള്ള പ്രത്യേക സംവിധാനം സ്ഥാപനത്തിൽ ക്രമീകരിക്കേണ്ടതാണ്.)
2. **എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും** - നോഡൽ ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നൽകേണ്ടതാണ്.
3. **ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം**
4. **ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം**